പ്രമേയം-05

# മലയാള സിനിമയിലെ പ്രശ്നങ്ങൾ പരിഹരിക്കുക

മലയാള സിനിമ എന്നത് കേരളീയർക്കും മലയാളികൾക്കും അഭിമാനിക്കാവുന്ന ഒരു സാംസ്ക്കാരിക-വാണിജ്യ വ്യവസ്ഥയല്ലാതായിക്കഴിഞ്ഞിരിക്കുകയാണ്. അത് ഇന്നൊരു ക്രമസമാധാന പ്രശ്നം പോലുമായിരിക്കുന്നു. സംഘടനാ ബാഹുല്യങ്ങൾ ആ രംഗത്തുള്ളവർക്കും കാണികൾക്കും സമൂഹത്തിനും ഗുണകരമായ ഫലങ്ങൾ തന്നെയാണോ നൽകുന്നതെന്ന് അവർ തന്നെ ഒരു വിലയിരുത്തൽ നടത്തുന്നത് നന്നായിരിക്കും. ഉപരോധങ്ങളും വിലക്കുകളും വെല്ലുവിളികളും മലയാള സിനിമക്ക് ഒരു ഗുണവും ചെയ്യില്ല എന്ന് ബന്ധപ്പെട്ടവർ ദയവു ചെയ്ത് മനസ്സിലാക്കണം. സാഹിത്യത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട അമ്പതുകളിലെയും അറുപതുകളിലെയും സിനിമകൾ, എഴുപതുകളിൽ ആധുനികവത്ക്കരിക്കപ്പെട്ട കലാസൗന്ദര്യ പരീക്ഷണങ്ങൾ എന്നിങ്ങനെ ഒട്ടേറെ ചരിത്ര പാഠങ്ങൾ മലയാള സിനിമ സമ്മാനിച്ചിട്ടുണ്ട്. ഈ ചരിത്രത്തെ ഉൾക്കൊണ്ടു കൊണ്ടും ലോക സിനിമയിലെ നൂതന പ്രവണതകൾ സ്വാംശീകരിച്ചുകൊണ്ടും, മലയാളിയുടെയും കേരളത്തിന്റെയും പ്രതീകവും പ്രാതിനിധ്യവുമായ ഒരു പുതിയ മലയാള സിനിമ ഉണ്ടാകുന്നതിലൂടെ മാത്രമേ ഇന്നത്തെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടൂ എന്ന് പുരോഗമന കലാ സാഹിത്യ സംഘം തിരിച്ചറിയുന്നു. അത്തരത്തിൽ നൂതനവും ജനകീയവും മഹനീയവുമായ മലയാള സിനിമയുടെ പുതുപ്പിറവിക്ക് വേണ്ടി ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ സിനിമാരംഗത്തുള്ളവർ പരിശ്രമിക്കുകയാണെങ്കിൽ അവർക്ക് പൂർണ പിന്തുണയുമായി സംഘം മുന്നിലുണ്ടാവുമെന്നും ഉറപ്പു നൽകുന്നു.